# മഹാത്മാഗാന്ധി സർവകലാശാല

## പരിപത്രം

കോവിഡ് 19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ആറു ദിവസത്തെ ശമ്പളം മാറ്റിവയ്ക്കുന്നതിനെ തുടർന്ന് ജീവനക്കാർക്കുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടു പരിഗണിച്ചു സർക്കാരിലേക്കുള്ള വായ്പകളുടെയും മുൻകൂറുകളുടെയും കിഴിവുകൾ താൽകാലികമായി അഞ്ചു മാസത്തേക്ക് മാറ്റിവയ്ക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട് . ഇതിനനുസരണമായി സർവകലാശാലയിലും ഇതേ സ്ഥിതി പ്രാവർത്തികമാക്കാൻ ബഹു വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു. അതോടനുബന്ധിച്ചു സർവകലാശാലയിൽ നിന്ന് ശമ്പള കിഴിവുകൾ നടത്തുന്ന സർവകശാല വായ്പകൾ ആയ ഭവന വായ്പ, വാഹന വായ്പ, മെഡിക്കൽ മുൻകൂർ, വിവാഹ മുൻകൂർ, പി എഫ് വായ്പ എന്നിവ താൽകാലികമായി മാറ്റിവയ്ക്കാൻ ആവശ്യമുള്ളവർക്ക് അഞ്ചു മാസത്തേക്ക് (2020 ഏപ്രിൽ മുതൽ 2020 ഓഗസ്റ്റ് വരെ ) കിഴിവുകൾ ഒഴിവാക്കാവുന്നതാണ്. പ്രസ്തുത സൗകര്യം ലഭിക്കണമെന്നുള്ളവർ 2020 മെയ് അഞ്ചാം തീയതി ഉച്ചക്ക് ഒരു മണിക്ക് **(1.00 PM on 05.05.2020)** മുൻപായി എഫ് സി സി സെക്ഷനിൽ അറിയേക്കേണ്ടതാണ്. **fcc@mgu.ac.in** എന്ന ഇ-മെയിലിലോ ചുവടെ ചേർത്തിരിക്കുന്ന ഫോൺ നമ്പറുകളിലോ അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഫോൺ- **9562338998 (AR) 94007 82952 (SO), 9447212744 (SO**). നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. സമർപ്പിക്കുന്ന അപേക്ഷകളിൽ പിന്നീട് യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല.

ഒപ്പ്

പി. ഡി. ഹിൽസ് — അസിസ്റ്റന്റ് രജിസ്ട്രാർ IV (ഫിനാൻസ്)

02.05.2020 — ഫിനാൻസ് ഓഫീസർക്ക് വേണ്ടി